(ന) ഗവൺമെണ്ട വകയായി വൈറിലെ നടത്തിപ്പോരുന്ന തെങ്ങിൻ തോപ്പിൽ സർക്കാർ ശമ്പളത്തിൽ സൂക്ഷിപ്പുകാരനെയൊ, മറെറാ വല്ല അധികൃതരെയും നിയമിക്കയുണ്ടായിട്ടുണ്ടൊ?

മിസ്റ്റർ ഐ. രാമൻമേനോൻ.—(ക) പട്ടിക മേശപ്പുറത്തു വെച്ചിട്ടുണ്ട്. (*Appendix II*,)

(ഖ) പട്ടിക മേശപ്പുറത്തു വെച്ചിട്ടുണ്ട്. (*Appendix III*.)

(ന) ഇല്ല.

## Revenue Department

**145.** മിസ്റ്റർ കെ. പി. വള്ളോൻ.—I. പുറമ്പോക്കു പാടം എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം മുതലായ വില്ലേജുകളിലെ കടൽവയ്യ ഭൂമിയിൽ നിന്നും കടിപാഷ്ടിനു സ്ഥലങ്ങൾ കിട്ടുവാൻ അവിടങ്ങളിലെ അധികൃതർ വളരെ നാളായി ബോധിപ്പിച്ചുകൊണ്ടിരുന്ന അപേക്ഷകളിന്മേൽ അധികൃത ഡിപ്പാർട്ടുമെണ്ടിൽ നിന്നും എന്തു നടപടി നടത്തിയെന്നു സദയം പറയാമൊ;

II. ടി സ്ഥലങ്ങൾ ആളൊന്നുക്ക് എത്ര സെൻറ് വീതം കൊടുക്കുമെന്നും ഇതു എപ്പോൾ നടപ്പിൽ വരുമെന്നും സദയം അറിയിച്ചുതരാമൊ;

III. ടി വില്ലേജുകളിൽ പതിവിനെയൊ പാട്ടത്തിനെയൊ ഉദ്ദേശിച്ച് റീഡിമാക്കേഷൻ കഴിച്ചിട്ടുള്ള ഖണ്ഡങ്ങളെ അയൽഭൂമികളുടെ ഉടമസ്ഥന്മാരും മറവും മണ്ണെടുത്തു പടുകുഴികളാക്കി കളഞ്ഞിട്ടുള്ള ദയനീയമായ കാര്യം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടൊ;

IV. ടി ക്രമം വില്ലേജ് ഉദ്യോഗസ്ഥന്മാരുടെ അറിവോടു കൂടിയാണ് നടത്തിവരാറുള്ളതെന്നു കേൾക്കുന്നതിൽ വാസ്തവമുണ്ടെങ്കിൽ അതിനെപറ്റി ചുമതലപ്പെട്ട മേൽ ഉദ്യോഗസ്ഥന്മാർ എന്തു നടപടി നടത്തിയെന്നു സദയം വെളിപ്പെടുത്തുമൊ;

V. അധികൃത കൊളണിക്കു വേണ്ടി നീക്കിവയ്ക്കപ്പെട്ട സ്ഥലങ്ങളിൽനിന്നും മേൽപ്രകാരം മണ്ണെടുത്തുപോയിട്ടുണ്ടെങ്കിൽ അവയ്ക്കു പകരം സമനിരപ്പുള്ള സ്ഥലങ്ങൾ അധികൃതർക്കു കൊടുപ്പാൻ ഗവൺമെണ്ടിനു ഭയവുണ്ടാകുമൊ?

റാവുസാഹിബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—I. അധികൃതോപസംരക്ഷകനും കൊച്ചികണയന്നൂർ താസിൽദാരും കൂടി ആലോചിച്ചു കടൽവയ്യ് ഭൂമികളിൽനിന്നും അധികൃതർക്കു കൊടുക്കേണ്ട സ്ഥലങ്ങൾ ഏതെല്ലാമാണെന്നു തിട്ടപ്പെടുത്തുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

II. അഞ്ചുസെൻറ് വീതം. എപ്പോൾ നടപ്പിൽ വരുമെന്നു നിശ്ചയപ്പെടുത്തുവാൻ സാധ്യമല്ല. അധികൃതോപസംരക്ഷകൻറെയും കൊച്ചികണയന്നൂർ താസിൽദാരുടേയും റിപ്പോർട്ടുകൾ കിട്ടിയ ഉടനെ വേണ്ട ഉത്തരവുകൾ അയക്കുന്നതാണ്. കഴിയുന്നതും വേഗത്തിൽ സ്ഥലം കൊടുക്കുന്നതുമാണ്.

III. കടൽവയ്യ് ഭൂമികളിൽ നിന്നും അനാവശ്യം കൂടാതെ മണ്ണെടുക്കുന്നതിനു നടപടി നടത്തി മണ്ണെടുത്തവർക്കു പിഴ കല്പിച്ചിട്ടുണ്ട്.

IV. കേൾവിക്കു അടിസ്ഥാനമില്ല.

V. അധികൃതോപസംരക്ഷകനും കൊച്ചികണയന്നൂർ താസിൽദാരും അധികൃതർക്കു പറഞ്ഞിരിക്കുന്ന സ്ഥലമെ അവർക്കു കൊടുപ്പാൻ തിരിഞ്ഞെടുക്കുകയുള്ളു.

## Police Department.

**146.** മിസ്റ്റർ കെ. പി. വള്ളോൻ.—എടക്കാട്ടുവയൽ വില്ലേജിൽ കട്ടിമുട്ടൻ എന്ന ദേശത്ത് മയിലൻ എന്ന ഒരു പുലയന്റെ കുടുംബം ഇടിവെട്ട

LIBRARY ARCHIVES Kerala Legislative Assembly